**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1770 | | | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|---|---|
| | | | **മാലിന്യസംസ്കരണത്തിനുള്ള പദ്ധതികൾ** |
| | **ചോദ്യം** | | **ഉത്തരം** |
| | **ശ്രീ.എ. പ്രദീപ്കുമാർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | കോഴിക്കോട് കോർപ്പറേഷൻ നഗരത്തിൽ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; | (എ) & (ബി) | കോഴിക്കോട് കോർപ്പറേഷനിൽ ഖരമാലിന്യ സംസ്കരണത്തിനായി നിലവിൽ 100 ടൺ കപ്പാസിറ്റിയുള്ള ഒരു വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. അതോടൊപ്പം 28 യൂണിറ്റ് തുമ്പൂർമുഴി പ്ലാന്റും പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 8 സ്ഥലത്ത് കൂടി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഞെളിയൻ പറമ്പിലുള്ള കോർപ്പറേഷൻ ട്രഞ്ചിംഗ് ഗ്രൗണ്ടിൽ DBFOT (Design Build Finance Operate and Transfer) അടിസ്ഥാനത്തിൽ P.P.P ആയി ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് -ടു- എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി 2 TPD കപ്പാസിറ്റിയുള്ള ഒരു പ്ലാന്റ് വെസ്റ്റ്ഹില്ലിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവഴിച്ച് വേസ്റ്റ് ടു ഓർഗാനിക് പ്ലാന്റും ചിക്കൻ അറവുമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 12 കോടിയോളം രൂപ ചെലവഴിച്ച് സ്വകാര്യ മേഖലയിൽ ഒരു പ്ലാന്റിന്റെ പണിയും പൂർത്തിയായി വരുന്നുണ്ട്. ഇത് പ്രവർത്തനക്ഷമമാകുന്നതോടെ കോഴിക്കോട് ജില്ലയെ പൗൾട്രി വേസ്റ്റ് ഫ്രീ ജില്ലയായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 2 എം.ആർ.എഫ്. സെന്ററുകൾ നിർമ്മിക്കുന്നതിനും ഒരു മിനി എം.ആർ.എഫ്. സെന്റർ നിർമ്മിക്കുന്നതിനും വേണ്ടി കരാർ നല്കിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ